# THE PLANATATION CORPORATI0N OF KERALA LTD
**KOTTAYAM - 4**

SAL/F-/ 18/07/2024

## ദർഘാസ് അറിയിപ്പ്

കോഴിക്കോട് വെസ്റ്റ് ഹില്ലിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതും നാഷണൽ ഹൈവേയ്ക്ക് അഭിമുഖമായിട്ടുള്ളതുമായ 42 സെന്റ് സ്ഥലം നിലവിലുള്ള അവസ്ഥയിൽ കരാർ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്ക് പാർക്കിംഗ് ഗ്രൗണ്ടായി നല്കുന്നതിനുള്ള ടെണ്ടറുകൾ കേരള ഇ-ടെൻഡർ പോർട്ടൽ ആയ https://etenders.kerala.gov.in, സീൽഡ് ടെൻഡർ എന്നിവ മുഖാന്തിരം ക്ഷണിക്കുന്നു. **അവസാന തീയതി– 08/08/2024 2.00 p.m.** വിശദ വിവരങ്ങൾക്ക്: പേരാമ്പ്ര എസ്റ്റേറ്റ് : 7592019275, ജനറൽ മാനേജർ (സി) : 9496076003 & https://www.pcklimited.in0.

**വ്യവസ്ഥകൾ**

1. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇടെണ്ടർ മുഖാന്തിരവും- അല്ലെങ്കിൽ സീൽഡ് ടെണ്ടർ (മുദ്രവച്ച ദർഘാസ്) മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.
2. ടെണ്ടറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പാർക്കിംഗ് ഗ്രൗണ്ടായി അനുവദിക്കുന്ന സ്ഥലം നേരിട്ട് കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ടെണ്ടറിന് ശേഷം ഇത് സംബന്ധിച്ച് യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.
3. 42 സെന്റ് സ്ഥലം നിലവിലുള്ള അവസ്ഥയിൽ പാർക്കിംഗ് ഗ്രൗണ്ടായി അനുവദിക്കുന്നതിന് കോർപ്പറേഷന് പ്രതിമാസം നല്കാവുന്ന ഏറ്റവും കൂടിയ തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.
4. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിച്ച് വിശദാംശങ്ങൾ ബോദ്ധ്യപ്പെടേണ്ടതും ഇ-ടെൻഡർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷനും, നിരതദ്രവ്യമായി **10,000/-** രൂപയുടെ ഡി.ഡി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും Rs. 118/-ടെണ്ടർ ഫോം വിലയായി അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ഒറിജിനൽ ഡിമാൻഡ് ഡ്രാഫ്റ്റ് ടെൻഡർ തുറക്കുന്ന സമയത്തിന് മുൻപായി P C K ഹെഡ് ഓഫീസ് വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
5. ഇ ടെണ്ടർ അല്ലാതെ-മുദ്ര വച്ച ദർഘാസിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118/- രൂപ ടെണ്ടർ ഫോം വിലയായി അടച്ച് ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, പേരാമ്പ്ര എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ ദിവസം ടെണ്ടർ സമർപ്പിക്കുന്ന അവസാന സമയത്തിന് അര മണിക്കൂർ മുൻപ് വരെ വാങ്ങാവുന്നതാണ്. ഇ-ടെണ്ടർ/ മുദ്ര വച്ച ടെണ്ടർ മുഖാന്തിരം പങ്കെടുക്കുന്നവർ

നിരതദ്രവ്യമായി **10,000/-** രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്.

6. ദർഘാസ്സ് നമ്പർ, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറിൽ സീൽഡ് ടെണ്ടർ സമർപ്പിക്കുന്നവർ ഒപ്പ് വച്ച ദർഘാസ് വ്യവസ്ഥകൾ കൂടാതെ തിരിച്ചറിയൽ രേഖ , പാൻകാർഡ് എന്നിവയുടെ കോപ്പികൾ, നിരതദ്രവ്യമായുള്ള D. D. എന്നിവ സഹിതം ടെണ്ടറിന്റെ പേര് കവറിന് മുകളിൽ വ്യക്തമായി രേഖപ്പെടുത്തി **ദി മാനേജർ ,പേരാമ്പ്ര എസ്റ്റേറ്റ്, മുതുകാട് പി.ഒ, പെരുവണ്ണാമൂഴി, കോഴിക്കോട് –**673528 എന്ന വിലാസത്തിൽ പേരാമ്പ്ര എസ്റ്റേറ്റ് ഓഫീസിൽ ടെണ്ടർ തുറക്കുന്ന ദിവസം. 02.00 p. m. -ന് മുൻപായി നല്കിയിരിക്കേണ്ടതാണ്.
7. ഇ-ദർഘാസും, മുദ്ര വച്ച ദർഘാസും സമർപ്പിക്കേണ്ട അവസാന തീയതി 08/08/2024 - ന് 02.00 p. m. വരെയാണ് തുടർന്ന് .അന്നേദിവസം 02.30 p.m. - ന് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച മുദ്ര വച്ച ദർഘാസ്സുകൾ പേരാമ്പ്ര എസ്റ്റേറ്റ് ഓഫീസിൽവെച്ച് തുറക്കുന്നതും .ഇ ദർഘാസ്സുകൾ പിസികെ ഹെഡോഫീസിൽവെച്ച്-09/08/2024- ന് 03.00 p. m. - ന് തുറക്കുന്നതുമാണ് .
8. ഇ-ദർഘാസ്/മുദ്ര വച്ച ദർഘാസ് സ്വീകരിക്കുന്നതായ അവസാന തീയതിയിൽ അന്തിമ തീരുമാനമെടുക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലായെന്ന് കാണുന്ന പക്ഷം, ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡിറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും അപ്പോൾ ഹാജരായവരുടെ സാനിദ്ധ്യത്തിൽ മുദ്രവെച്ച കവറിൽ ഭദ്രമായി സൂക്ഷിക്കുന്നതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ വീണ്ടും പുതുക്കിയ തുക വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ ഉയർന്ന തുക ആയിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.
9. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ദർഘാസ് വിജ്ഞാപനം റദ്ദ് ചെയ്യുന്നതിനും തുടർനടപടികൾ നിർത്തിവയ്ക്കുന്നതിനും മാറ്റി വയ്ക്കുന്നതിനുമുള്ള അധികാരം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതും, ആയത് ചോദ്യംചെയ്യാൻ പാടില്ലാത്തതുമാണ്. ഇപ്രകാരം ചെയ്താൽ ആയതിന് യാതൊരുവിധ നഷ്ടപരിഹാരവും നല്കുന്നതല്ല.
10. ഇ-ദർഘാസിലൂടെയോ, സീൽഡ് ദർഘാസിലൂടെയോ നല്കുന്ന ഭാഗീകമായതോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
11. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

12. സ്ഥിരീകരിക്കുന്നതായ തുക ആയതു വാഗ്ദാനം ചെയ്തിട്ടുള്ളതായ വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും അറിയിപ്പ് ലഭിക്കുന്ന വ്യക്തി അറിയിപ്പ് തീയതി മുതൽ 15 ദിവസങ്ങൾക്കകം സെക്യൂരിറ്റി തുക അടച്ച് 200/- രൂപ വിലയുള്ള കേരള സർക്കാർ മുദ്രപ്പത്രത്തിൽ പേരാമ്പ്ര എസ്റ്റേറ്റ് മാനേജരുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. സെക്യൂരിറ്റി തുക കരാർ തുകയുടെ 10 ശതമാനം ആയിരിക്കുന്നതാണ്.

13. ടെൻഡർ പ്രകാരം കരാറുകാരന് ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്. ദർഘാസ് തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണം കൊണ്ട് ആയതു നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം ഉച്ചയ്ക്ക് ശേഷം 02.30 - ന് നടത്തുന്നതാണ്.

14. പാർക്കിംഗ് ഗ്രൌണ്ട് നടത്തിപ്പിനാവശ്യമായതും നിയമപരമായതുമായ എല്ലാവിധ അനുമതി പത്രങ്ങളും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ ഏർപ്പെടുത്തേണ്ടതാണ്. 42 സെന്റ് സ്ഥലം കരാർ വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതല്ലാതെ യാതൊരു വിധ ഉത്തരവാദിത്വവും ബാധ്യതയും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതല്ല.

15. പാർക്കിംഗ് ഗ്രൌണ്ട് നടത്തിപ്പിനാവശ്യമായ ജോലിക്കാരെ കരാറുകാരൻ സ്വന്തം ചിലവിൽ നിയോഗിക്കേണ്ടതും ഇപ്രകാരം നിയോഗിക്കപ്പെടുന്നതായ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ കോർപ്പറേഷന് യാതൊരുവിധ ബാദ്ധ്യതയോ, ഉത്തരവാദിത്വമോ ഉണ്ടായിരിക്കുന്നതല്ല.

16. പാർക്കിംഗ് ഗ്രൌണ്ടിൽ എത്തുന്ന വാഹനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരന് ഉണ്ടായിരിക്കുന്നതാണ്. വാഹനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷക്കും സംരക്ഷണത്തിനും ആവശ്യമായ മുൻകരുതലുകൾ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

17. വാഹനങ്ങൾക്ക് ഉണ്ടായേക്കാവുന്ന കേടുപാടുകൾ, മോഷണം എന്നിവ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം കോർപ്പറേഷൻ ആയവയിൽ കക്ഷി ആയിരിക്കുന്നതല്ല.

18. 42 സെന്റ് സ്ഥലം മാത്രമാണ് പാർക്കിംഗ് ഗ്രൌണ്ടായി ഉപയോഗിക്കാവുന്നത്. ടി സ്ഥലത്ത് നിലവിലുള്ളതും നിർമ്മാണത്തിലിരിക്കുന്നതുമായ കെട്ടിടത്തിന് യാതൊരുവിധ കോട്ടുപാടുകളും സംഭവിച്ച് കൂടാത്തതാണ്. വാഹനങ്ങളുടെ പാർക്കിംഗ് സമയത്തോ അല്ലാതെയോ കോർപ്പറേഷൻ വക വസ്തുവകകൾക്ക് ഏതെങ്കിലും വിധത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിക്കുന്ന പക്ഷം മാനേജിംഗ് ഡയറക്ടർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനാകുന്നതാണ്. അല്ലാത്ത പക്ഷം കരാറുകാരന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്ന് നിയമം നടപ്പാക്കൽ മൂലം ഈടാക്കുന്നതിന് കോർപ്പറേഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

19. കരാർ കാലയളവിൽ നിയമാനുസൃത നികുതികൾ അടയ്ക്കുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

20. നിലവിലുള്ള കെട്ടിടത്തിലോ പരിസരത്തോ നിർമ്മാണ പ്രവൃത്തികൾ യാതൊന്നും നടത്തുവാൻ പാടില്ലാത്തതാകുന്നു. യാതൊരുവിധ പൊളിച്ച നീക്കലുകളും അനുവദിക്കുന്നതല്ല.
21. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതും എന്തെങ്കിലും തരത്തിലുള്ള വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് കോട്ടയം അധികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കുന്നതുമാണ്.
22. കരാറുകാരൻ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ, കരാറിൽ നിന്നും പിന്മാറുകയോ ചെയ്താൽ കരാർ റദ്ദാക്കി സെക്യൂരിറ്റി തുക ഉൾപ്പെടെ അടച്ചിട്ടുള്ളതായ മുഴുവൻ തുകയും കോർപ്പറേഷനിലേക്ക് കണ്ടു കെട്ടുന്നതും, കരാറുകാരന്റെ നഷ് ട്ടോത്തരവാദിത്വത്തിൽ പുന:ക്രമീകരണം നടത്തുന്നതാണ്. അതുമൂലം കോർപ്പറേഷന് ഉണ്ടാകാവുന്ന നഷ്ടവും മറ്റു ചിലവുകളും കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.
23. കരാറുകാരന് ഏതെങ്കിലും കാരണവശാൽ കരാർ കാലാവധിക്ക് മുമ്പായി കരാരിൽ നിന്ന് പിൻമാറണമെങ്കിൽ കോർപ്പറേഷനെ ആയത് രേഖാമൂലം രണ്ട് മാസം മുൻകൂറായി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കോർപ്പറേഷനിൽ അടച്ചിട്ടുള്ള നിരതദ്രവ്യം, സെക്യൂരിറ്റി തുക എന്നിവ കോർപ്പറേഷനിലേക്ക് കണ്ടുകെട്ടുന്നതും കരാറുകാരന്റെ നഷ്ടോത്തരവാദിത്യത്തിൽ പുനർദർഘാസ് നടത്തുന്നതുമാണ്.
24. കോർപ്പറേഷന് ഏതെങ്കിലും കാരണവശാൽ കരാർ കാലാവധിക്ക് മുമ്പായി കരാർ റദ്ദ് ചെയ്യേണ്ട സാഹചര്യമുണ്ടായാൽ ആയത് രേഖാമൂലം രണ്ട് മാസം മുൻകൂറായി കരാറുകാരനെ അറിയിക്കുന്നതുമാണ്. ഇപ്രകാരം കോർപ്പറേഷൻ അറിയിക്കുന്ന തിയതി മുതൽ കരാറുകാരൻ ടി സ്ഥലം സ്വമേധയ ഒഴിയേണ്ടതാകുന്നു. ഇപ്രകാരം ഒഴിയുമ്പോൾ, കരാറുകാരൻ കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ള നിരത ദ്രവ്യം, സെക്യൂരിറ്റി തുക എന്നിവയല്ലാതെ കോർപ്പറേഷൻ കരാറുകാരന് യാതൊരുവിധ നഷ്ടപരിഹാരവും നൽകുന്നതല്ലാത്തതും ആയതിന് കരാറുകാരന് യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതുമല്ല.
25. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പറുകളിൽ ലഭിക്കുന്നതാണ്:

ദി ജനറൽ മാനേജർ (സി) - 9496076003
ദി ചീഫ് കൺസ്ട്രക്ഷൻ എഞ്ചിനീയർ - 9496076012
ദി ജനറൽ മാനേജർ (ഒ) - 9496076004
ദി മാനേജർ; പേരാമ്പ്ര എസ്റ്റേറ്റ് – 04962249100-7592019275

പ്ലാൻറേഷൻ കോർപ്പറേഷനുവേണ്ടി,

Sd/-

മാനേജിംഗ് ഡയറക്ടർ

## <u>ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാലിമിറ്റഡ്</u>

**<u>രജി.ഓഫീസ് - കോട്ടയം - 686004</u>**

**<u>ടെണ്ടർ ഫോം</u>**

കോഴിക്കോട് വെസ്റ്റ് ഹില്ലിൽ PCK-യുടെ ഉടമസ്ഥതയിലുള്ളതും നാഷണൽ ഹൈവേയ്ക്ക് അഭിമുഖമായിട്ടുള്ളതുമായ 42 സെന്റ് സ്ഥലം നിലവിലുള്ള അവസ്ഥയിൽ വ്യവസ്ഥകൾക്ക് വിധേയമായി 01 വർഷത്തേക്ക് പാർക്കിംഗ് ഗ്രൗണ്ടായി നല്കുന്നതിനുള്ള ടെണ്ടർ

| ക്രമ നമ്പർ | ഇനം | വാഗ്ദാനം ചെയ്യുന്ന തുക |
|---|---|---|
| 1 | **42 സെന്റ് സ്ഥലം നിലവിലുള്ള അവസ്ഥയിൽ കരാർ വ്യവസ്ഥകൾക്ക് വിധേയമായി പാർക്കിംഗ് ഗ്രൗണ്ടായി അനുവദിക്കുന്നതിന് പ്രതിമാസം കോർപ്പറേഷന് നല്കാവുന്ന ഏറ്റവും ഉയർന്ന തുക** | **അക്കത്തിൽ -**<br><br>**അക്ഷരത്തിൽ -** |

<u>പ്രഖ്യാപനം</u>: **ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയവ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

| | | |
|---|---|---|
| a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | |
| b. | ടിയാന്റെ വയസ്സ് | |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | |
| d | മൊബൈൽ നമ്പർ | |
| e. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി: